**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1675** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>കെ.എസ്.ആർ.ടി.സി. യിലെ ഒഴിവുകളും മുടങ്ങുന്ന സർവീസുകളും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. കെ. രാമചന്ദ്രൻ ശ്രീ. സി. പി. ജോൺ
(ഗതാഗത വകുപ്പ് മന്ത്രി)

**(എ)** കെ.എസ്.ആർ.ടി.സി. യിൽ ഡ്രൈവർമാർ, കണ്ടക്ടർമാർ തുടങ്ങിയവരുടെ ഒഴിവുകൾ നികത്താത്തതുമൂലം സർവ്വീസുകൾ വ്യാപകമായി നിർത്തലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** സർവീസുകൾ വ്യാപകമായി നിർത്തേണ്ടതായി വന്നിട്ടില്ല.

**(ബി)** ആവശ്യത്തിന് ഡ്രൈവർമാരും കണ്ടക്ടർമാരും ഇല്ലാത്ത സാഹചര്യത്തിലും ട്രാൻസ്ഫറുകൾ വ്യാപകമായി നടത്തുന്നു എന്ന ആരോപണം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ സർവ്വീസ് നടത്തുന്നതിനുണ്ടായിട്ടുള്ള പ്രയാസങ്ങൾ പരിഹരിക്കുവാനും സർവ്വീസ് മുടങ്ങാതിരിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തിമാത്രം ട്രാൻസ്ഫറുകൾ നടപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ ജീവനക്കാരുടെ അപേക്ഷകളിന്മേലും അനുകമ്പാർഹതലത്തിലും സ്ഥലം മാറ്റം അനുവദിച്ചു വരുന്നു. ഓരോ ഡിപ്പോയിലുള്ള സർവ്വീസുകൾക്ക് മുടക്കം വരാത്ത തരത്തിൽ അംഗബലം ക്രമീകരിച്ചു കൊണ്ടാണ് ആയത് നടത്തി വരുന്നത്.

**(സി)** പുതുക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിലുള്ള ഡ്രൈവർ, കണ്ടക്ടർ തസ്തികകളിലെ ഒഴിവുകൾ നികത്തി സർവ്വീസുകൾ മുടക്കം വരാതെ നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പുതുക്കാട് കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡ്രൈവർ, കണ്ടക്ടർ ജീവനക്കാരുടെ അംഗബലം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**